## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4434

04.02..2014 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം

| *ചോദ്യം*<br>ശ്രീ. എം. ഹംസ | | *ഉത്തരം*<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം കുറയുന്നതായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഏതെങ്കിലും കമ്മീഷനെ ഇതിനായി നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ ഏതാണെന്ന് അറിയിക്കുമോ; കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(സി) കമ്മീഷന്റെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി)<br>&<br>(സി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി പ്രത്യേകം കമ്മിഷനെ നിയോഗിച്ചിട്ടില്ല. എന്നാൽ പഠന നിലവാരം സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനായി പ്രൊഫ.എൻ.വിജയകുമാർ ചെയർമാനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജുകളുടെ മേധാവികളെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി പഠന നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

കൂടാതെ സർവ്വകലാശാലകൾ, സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരവും സ്വാശ്രയ കോളേജുകളിലെ പഠന നിലവാരവും ഭൗതിക സൗകര്യങ്ങളും സംബന്ധിച്ചുള്ള വാർഷിക പരിശോധനകൾ നടത്തുകയും നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക വിദ്യാഭ്യാസ യോഗ്യത പരിശോധിക്കുവാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ;

(ഇ) പ്രസ്തുത സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിലവാരം ഉയർത്താനും മിനിമം വേതനം ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ച സംവിധാനങ്ങൾ എന്തൊക്കെയാണ്?

(ഡി) & (ഇ) & (എഫ്) ഇത് സംബന്ധിച്ച് സർവ്വകലാശാലാ തലത്തിൽ ഓരോ വർഷവും വാർഷിക പരിശോധനകൾ നടത്തി വരുന്നു. കൂടാതെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന സമയത്ത് യോഗ്യതയുള്ള നിശ്ചിത എണ്ണം അദ്ധ്യാപകർ ഉണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മിനിമം വേതനം ഉറപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

*സെക്ഷൻ ഓഫീസർ*